# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/138/2017 പത്രക്കുറിപ്പ് 2017 ജൂലായ് 3

**എം. ജി ബിരുദ ഏകജാലകം : നാലാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധികരിച്ചു. യോഗ്യത നേടിയവർ നാളെ (ജൂലായ് 5) വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് നാളെ (ജൂലായ് 5) വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂലായ് 5 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

നാലാം അലോട്ട്മെന്റിൽ പ്രവേശനത്തിനർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്ന പക്ഷം, ഓൺലൈനായി അടയ്ക്കുന്ന സർവ്വകലാശാല ഫീസിനു പുറമേ, ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ അടച്ച് പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച എസ്. സി/എസ്.റ്റി വിഭാഗം ഒഴിച്ചുള്ള താത്കാലിക പ്രവേശനമെടുത്തവരുൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ജൂലായ് 5 നു വൈകീട്ട് 4 മണിക്കു മുൻപായി സ്ഥിര പ്രവേശം നേടാത്ത പക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ്പ് വെബ്സൈറ്റിൽ നല്കിയിട്ടുണ്ട്. സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**എം.ജി. പി. ജി ഏകജാലക പ്രവേശനം : ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെറിറ്റ് സീറ്റുകളിലേക്കും, എസ്.സി/എസ്.ടി/എസ്.ഇ.ബി.സി/ഇ.ബി.എഫ്.സി. സംവരണ സീറ്റുകളിലേക്കുമുള്ള അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താവുന്നതാണ്. 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ-മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ്വേഡ് സൃഷ്ടിച്ചശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീ അടക്കേണ്ടതാണ്. അപേക്ഷാ ഫീസ് പൊതുവിഭാഗത്തിന് 1000/- രൂപയും എസ്. സി./എസ്. ടി വിഭാഗത്തിന് 500/- രൂപയുമാണ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാക്കുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐ. ഡി. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 20 വരെ നടത്താം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂലൈ 31 ന് നടത്തും.

ഓൺലൈനായാണ് ഫീസ് അടക്കേണ്ടത്. ഏതു ബാങ്കിന്റെയും ഡെബിറ്റ്/ക്രഡിറ്റ് കാർഡുകളോ, നെറ്റ് ബാങ്കിംഗ് സൗകര്യമോ ഉപയോഗിച്ച് ഫീസ് അടയ്ക്കാം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വോട്ട, വികലാംഗ വിഭാഗത്തിന് സംവരണ ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കണം.

എൻ. ആർ. ഐ/വികലാംഗ/സ്പോർട്സ്/കൾച്ചറൽ/സ്റ്റാഫ് ക്വോട്ട വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലൈ 14 നകം നേരിട്ട് അപേക്ഷ സമർപ്പിക്കണം.

സ്പോർട്സ് /കൾച്ചറൽ//വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വോട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാലാ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്

ഹെൽപ്പ് ലൈൻ നമ്പർ : 0481 6555563, ഇ-മെയിൽ : pgcap@mgu.ac.in

**പരിക്ഷാതീയതി**

രണ്ടാം സെമസ്റ്റർ എം. എസ്സി. ഫൈറ്റോമെഡിക്കൽ സയൻസ് & ടെക്നോളജി (സി. എസ്. എസ് 2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ ജൂലായ് 11 ന് ആരംഭിക്കും.

രണ്ടാം വർഷ ബി. എസ്സി. എം. എൽ. റ്റി (പുതിയ സ്കീം - 2015 അഡ്മിഷൻ റഗുലർ/2014 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 2 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 13 വരെയും, 50 രൂപ പിഴയോടെ 14 വരെയും, 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പ്രാക്ടിക്കൽ, പ്രൊജക്റ്റ് മൂല്യനിർണയം, വൈവാ വോസി.**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. അപ്ലൈഡ് ഫിസിക്സ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, പ്രൊജക്റ്റ് മൂല്യനിർണയം, വൈവാ വോസി എന്നിവ ജൂലായ് 4 മുതൽ കോട്ടയം സി. എം. എസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് 2017 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. ഫിൽ ഫിസിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ഒക്ടോബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി. എ മോഡൽ 1 (പ്രൈവറ്റ് - സി. ബി. സി. എസ്. എസ് - റഗുലർ/സപ്ലലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം . എസ്സി. ബയോകെമിസ്ട്രി, ആക്ച്യൂറിയൽ സയൻസ് (പി. ജി. സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം . എ പ്രിന്റ് & ഇലക്ട്രോണിക് ജേർണലിസം, എം. എസ്സി. ബയോടെക്നോളജി (പി. ജി. സി. എസ്. എസ് - റഗുലർ/ സപ്ലിമെന്ററി/ ബെറ്റർമെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 17 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എ ചരിത്രം (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 15 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം . എസ്സി. കംപ്യൂട്ടർ സയൻസ്, സുവോളജി (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 15 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം . കോം (റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 15 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം എ ഇംഗ്ലീഷ് (റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 16 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ (റഗുലർ), സെപ്റ്റംബറിൽ നടത്തിയ (ബെറ്റർമെന്റ്/ സപ്ലിമെന്ററി), 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) എന്നീ എം. എസ്സി. ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ (റഗുലർ), 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) എന്നീ എം. എസ്സി. അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ അപ്ലൈഡ് മൈക്രോബയോളജി (സി. എസ്. എസ്-റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം

പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇൻഫർമേഷൻ ടെക്നോളജി (പി. ജി. സി. എസ്. എസ് -റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എ അനിമേഷൻ, സിനിമാ & ടെലവിഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടീമീഡിയ (പി. ജി. സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എ സിറിയക് (പി. ജി. സി. എസ്. എസ് - (റഗുലർ /സപ്ലിമെന്ററി /ബെറ്റർമെന്റ്)) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. മൈക്രോബയോളജി (പി. ജി. സി. എസ്. എസ് - (റഗുലർ /സപ്ലിമെന്ററി /ബെറ്റർമെന്റ്)) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 19 വരെ സ്വീകരിക്കും.

**ഗസ്റ്റ് അദ്ധ്യാപക നിയമനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ ഗസ്റ്റ് അദ്ധ്യാപക തസ്തികയിൽ ഒരു ഈഴവ സംവരണ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ യൂ. ജി. സി. മാനദണ്ഡമനുസരിച്ചുള്ള യോഗ്യതകൾ ഉള്ളവരായിരിക്കണം. താത്പര്യമുള്ളവർ അപേക്ഷയും ബയോഡാറ്റയും സഹിതം ജൂലൈ 11 ന് 5 മണിക്ക് മുൻപായി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിന്റെ ഓഫീസിൽ സമർപ്പിക്കണം.

**ജൈവകൃഷി മാനവരാശിയുടെ നിലനില്പിന് അനിവാര്യം : എം. ജി. വി. സി.**

ജൈവകൃഷിയും അനുബന്ധ ജീവിതരീതികളും മാനവരാശിയുടെയും ആവാസ വ്യവസ്ഥയുടെയും നിലിനില്പിന് അനിവാര്യമാണെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ : ബാബു സെബാസ്റ്റ്യൻ പറഞ്ഞു.

ആഗസ്റ്റിൽ സർവ്വകലാശാല ആരംഭിക്കുന്ന ജൈവകൃഷി സാക്ഷരതാ യജ്ഞത്തിൽ പരിശീലകരാകേണ്ട നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കായി അമലഗിരി ബി. കെ. കോളേജിൽ സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭക്ഷണ പദാർത്ഥങ്ങളിലെ പോഷക മൂല്യങ്ങൾ മണ്ണിന്റെ ഗുണനിലവാരത്തെ ആശ്രയിച്ചാണിരിക്കുന്നത്. അമിത രാസവള കീടനാശിനി പ്രയോഗം മൂലം മണ്ണിന്റെ ജൈവസ്വഭാവം ഇല്ലാതായി. ഇത് വീണ്ടെടുത്താൽ മാത്രമേ തനത് സ്വാദും പോഷകമൂല്യവുമുള്ള കായ്കനികളും ധാന്യങ്ങളും ലഭിക്കൂ. ഇക്കാര്യം ജനങ്ങളെ പറഞ്ഞു ബോധവൽക്കരിക്കുകയാണ് പ്രധാന ലക്ഷ്യം.

കോട്ടയം ജില്ലയിലെ എല്ലാ ഭവനങ്ങളെയും ബന്ധപ്പെടുത്തി ആരംഭിക്കുന്ന ബോധവൽക്കരണ പരിപാടിയിൽ ജൈവകൃഷി രീതികളിൽ പരിശീലനം നൽകുന്ന 10,000 പേരെയാണ് നിയോഗിക്കുകയെന്നും ഡോ : ബാബു സെബാസ്റ്റ്യൻ പറഞ്ഞു. സിൻഡിക്കേറ്റംഗം ഡോ. പി. കെ. പത്മകുമാർ, രജിസ്ട്രാർ എം. ആർ. ഉണ്ണി, ബി. കെ. കോളേജ് പ്രിൻസിപ്പൽ ഡോ. ലീന മാത്യു, കെ. വി. ദയാൽ, ജൈവം കോ ഓർഡിനേറ്റർ ജി. ശ്രീകുമാർ, ദിയ ഫിലിപ്പ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാല ആരംഭിക്കുന്ന ജൈവകൃഷി സാക്ഷരതാ യജ്ഞത്തിൽ പങ്കെടുത്ത കോളേജ് തല എൻ. എസ്. എസ്. വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന പരിശീലനപരിപാടിയുടെ സമാപന സമ്മേളനം വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**